പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4128

03.02.2014- ലെ മറുപടിക്ക്

## മായം ചേർത്ത പാൽ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട കേസുകൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. വി. വിജയദാസ് | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ ) | മായം ചേർത്ത പാൽ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ ഫുഡ്സേഫ്റ്റി വിഭാഗം രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; | എ) | ഭക്ഷ്യസുരക്ഷാ നിലവാരനിയമം നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് പാലിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതിനാൽ എറണാകുളം ജില്ലയിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) | പ്രസ്തുത കേസിലുള്ള കൺവിക്ഷൻ റേറ്റ് എത്ര ശതമാനമാണെന്ന് വിശദമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരമുള്ള കേസ്സുകളിൽ വിചാരണ നടപടികൾ പുരോഗമിച്ചുവരുന്നതേയുള്ളൂ. |
| സി) | കേരളത്തിലെ തട്ടുകടകളിലുള്ള പാൽ കൂടുതലും ഇത്തരത്തിലുള്ള മായം ചേർത്ത പാലാണെന്നുള്ള ആക്ഷേപം ശരിയാണോ; ഇക്കാര്യം ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | സി) | അത്തരത്തിലുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തട്ടുകടകളിൽ ഉപയോഗിക്കുന്ന പാലിന്റെ സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ മായം ചേർത്തതാണെന്ന റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

**സെക്ഷൻഓഫീസർ**